**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മുക്കം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.കെ. അബ്ദുറഹിമാൻ, ക്ലാർക്ക് ശ്രീ. പ്രവീൺ കുമാർ പി.ടി. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.202/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം, 23.01.2018

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.08.2012-ലെ ഇ 12 (എസ് സി 33/2012/കെകെഡി) 23342/2012 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 03.12.2012-ലെ 11068/ഡി1/2012/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 22.03.2013-ലെ 8696/ഇപിബി3/2013/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. അബ്ദുറഹിമാൻ 27.09.2013-ലും, ശ്രീ. പ്രവീൺ കുമാർ 04.10.2013-ലും സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 02.03.2015-ലെ ഡി1-13052/13 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) (2) എന്നിവ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ സാ-മില്ലിന് ഡി&ഒ ലൈസൻസ് നൽകിയതിൽ ക്രമക്കേട് നടത്തിയെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അക്കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.കെ. അബ്ദുറഹിമാൻ, ക്ലാർക്ക് ശ്രീ. പ്രവീൺ കുമാർ പി.ടി. എന്നിവർക്കെതിരെ ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി പരാമർശം (3) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാളുകൾ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ കത്തിൽ ക്ലാർക്ക് പ്രവീൺ 26.12.2014-ന് മരണമടഞ്ഞതായി അറിയിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എം.കെ. അബ്ദു റഹിമാൻ 31.05.2016-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രമാണ് ടിയാളുകൾക്ക് നൽകിയിരുന്നത്. പ്രവീൺ മരണപ്പെടുകയും ശ്രീ. അബ്ദുറഹിമാൻ 31.05.2016-ൽ സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ട്. മരണപ്പെട്ടയാൾക്കെതിരെ നടപടി തുടരാൻ സാധിക്കുകയില്ല. കൂടാതെ ശ്രീ. അബ്ദുറഹിമാന്റെ പെൻഷനിൽ നിന്നും കുറവു വരുത്തുന്നതിന് തക്കതായ ഗുരുതര

ആരോപണങ്ങൾ ഒന്നുംതന്നെ വിജിലൻസ് റിപ്പോർട്ടിൽ കണ്ടെത്താൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ മുക്കം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. അബ്ദുറഹിമാൻ, ക്ലാർക്ക് പ്രവീൺ കുമാർ പി.ടി. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. അബ്ദുറഹിമാൻ, മുൻ സെക്രട്ടറി, മുക്കം ഗ്രാമപഞ്ചായത്ത്
2. മുക്കം ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് മരണപ്പെട്ട പ്രവീൺകുമാർ പി.ടി.യുടെ അനന്തരാവകാശികൾക്ക്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

(യു.ഒ. റിമാർക്ക്സ് നം.വിജി-ഡി4/206/2017-വിജി. തീയതി 19.12.2017 പ്രകാരം

8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/84/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ